പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2106 | 17.12.2012-ൽ മറുപടിക്ക്.

## ക്രൈംബ്രാഞ്ചിന്റെ ഭൂമി ബസ് സ്റ്റാന്റ് വിപുലീകരണത്തിനായി കിട്ടാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) വയനാട് ക്രൈംബ്രാഞ്ചിന്റെ അധീനതയിലുള്ള ഭൂമി കമ്പളക്കാട് ബസ് സ്റ്റാന്റ് വിപുലീകരണത്തിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച നിവേദനത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ; | : | (എ) കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയിന്മേൽ കമ്പളക്കാട് ക്രൈംബ്രാഞ്ച് ഓഫീസ് സ്ഥിതി ചെയ്യുന്ന ഭൂമിയും കെട്ടിടവും കണിയാമ്പറ്റ ഗ്രാപഞ്ചായത്തിന് കൈമാറുന്നതിന് പകരമായി അനുവദിച്ച ഭൂമിയും കെട്ടിടവും ക്രൈംബ്രാഞ്ച് ഓഫീസ് ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും മതിപ്പുവിലയുമായി താരതമ്യം ചെയ്യുമ്പോൾ ടി സ്ഥലം പോലീസ് വകുപ്പിന് അഭികാമ്യമല്ല എന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) പ്രസ്തുത വിഷയം സംബന്ധിച്ച് വിവിധ വകുപ്പുകളിൽ ഏതെല്ലാം ഫയലുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ; | : | (ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ആഭ്യന്തര (ഇ) വകുപ്പിൽ 63311/ഇ1/2012/ആഭ്യന്തരം എന്ന നമ്പരിലുള്ള ഫയൽ ഉണ്ട്. |
| (സി) പ്രസ്തുത ഭൂമി ബസ് സ്റ്റാൻഡ് വിപുലീകരണത്തിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | : | (സി) പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ